**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 175** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>വാണിജ്യനികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. കെ. രമ

ശ്രീ. എം. വിൻസെന്റ്

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. വി. ടി. സൂരജ്

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** വാണിജ്യനികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജി.എസ്.ടി. നിയമത്തിനനുസൃതമായി വകുപ്പ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. പുനഃസംഘടനയെ തുടർന്ന് വകുപ്പിലെ ജീവനക്കാർക്ക് വിദഗ്ധപരിശീലനം നൽകുകയും വകുപ്പിന്റെ പ്രവർത്തനങ്ങൾ ടാക്സ്പെയർ സർവീസസ്, ഓഡിറ്റ്, ഇന്റലിജന്റ്സ് & എൻഫോഴ്സ്മെന്റ് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി പുന:വിന്യസിക്കുകയും ചെയ്തിട്ടുണ്ട്.

ടാക്സ്പെയർ സർവീസസ് വിഭാഗം, നികുതിദായകർക്ക് സേവനം നൽകുകയും യഥാസമയം റിട്ടേണുകൾ ഫയൽ ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുകയും ഫയൽ ചെയ്യപ്പെട്ട റിട്ടേണുകൾ സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും നികുതിദായകർക്ക് നിയമം അനുശാസിക്കുന്ന റീഫണ്ട് നൽകുകയും ചെയ്യുന്നു. ടാക്സ്പെയർ സർവീസസിന്റെ കീഴിൽ രജിസ്ട്രേഷൻ സംവിധാനം ഏകീകൃതമാക്കിയതിലൂടെ രജിസ്ട്രേഷൻ നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യകളടക്കമുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഇന്റലിജന്റ്സ് & എൻഫോഴ്സ്മെന്റ് വിഭാഗത്തിന് വിദഗ്ധ പരിശീലനം നൽകിയതിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തുന്നതിന് ജീവനക്കാരെ കൂടുതൽ പ്രാപ്തരാക്കിയിട്ടുണ്ട്.

പുനഃസംഘടനയിലൂടെ പുതിയതായി രൂപീകരിച്ച ഓഡിറ്റ് വിഭാഗം നികുതിദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരം തിരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ നിയമം അനുശാസിക്കുന്ന രീതിയിൽ ഓഡിറ്റ് നടത്തുന്നതിലൂടെ നികുതി ചോർച്ച തടയുന്നതിന് കൂടുതൽ സഹായകമാകുന്നുണ്ട്.

**(ബി)** വാണിജ്യ നികുതി ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതികളിൽ ഏതെങ്കിലും തരത്തിലുള്ള ചോർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** നികുതി ചോർച്ച തടയുക എന്ന ഉദ്ദേശ്യത്തോടെ പുന:സംഘടനയിലൂടെ പുതിയതായി ഓഡിറ്റ് വിഭാഗം രൂപീകരിച്ചു. 140 ഓഡിറ്റ് ടീമുകൾ നികുതി ചോർച്ച തടയുന്നതിലേക്കായി നികുതിദായകരുടെ കണക്കുകൾ ആഴത്തിൽ പരിശോധിക്കുന്നു. കൂടാതെ വിദഗ്ധ പരിശീലനം ലഭിച്ച ഇന്റലിജന്റ്സ് വിഭാഗവും നികുതി വെട്ടിപ്പുകൾ കണ്ടെത്തുന്നതിന് കാര്യക്ഷമമായ പ്രവർത്തനം നടത്തിവരുന്നുണ്ട്. ചരക്ക് നീക്കം നിരീക്ഷിക്കുന്നതിന് ജി.എസ്.ടി. സംവിധാനത്തിൽ E-way bill ഏർപ്പെടുത്തുകയും 5 കോടിക്ക് മുകളിൽ വാർഷിക വിറ്റുവരവുള്ളവർക്ക് e-invoice നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി. സംവിധാനത്തിന്റെ മാറിവരുന്ന ആവശ്യകതകൾക്ക് അനുസൃതമായ നടപടികൾ കൈക്കൊണ്ടുകൊണ്ട് നികുതി നിയമങ്ങളുടെ കംപ്ലൈൻസ് (Compliance) ഉറപ്പാക്കുകയും, വ്യാപാര സൗഹൃദ അന്തരീക്ഷം (Ease of Doing Business) നിലനിർത്തിക്കൊണ്ട് നികുതി വെട്ടിപ്പ് തടയുകയും, സാങ്കേതികവിദ്യ അധിഷ്ഠിതമായി നികുതിദായക സേവനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നതിലൂടെ സംസ്ഥാനത്തെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനാണ് വകുപ്പ് പ്രാധാന്യം നൽകുന്നത്.

ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സംസ്ഥാനങ്ങൾക്ക് അർഹമായ വരുമാനം ഉറപ്പാക്കുന്നതിനുമായി ആവശ്യമായ നിർദേശങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചു പോരുന്നുണ്ട്.

ആധുനിക സാങ്കേതികവിദ്യയുടെ വളർച്ചയോടനുബന്ധിച്ച് ഡാറ്റാ അനലിറ്റിക്സിന്റെ പ്രാധാന്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, നൂതന വിവരസാങ്കേതിക സംവിധാനങ്ങളും ഡാറ്റാ അധിഷ്ഠിത വിശകലന രീതികളും പ്രയോജനപ്പെടുത്തി നികുതി ഭരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.നിയമാനുസൃതമായി നികുതി ഒടുക്കുകയും ബിസിനസ് നടത്തുകയും ചെയ്യുന്ന നികുതിദായകർക്ക് ലഭിക്കേണ്ട സേവനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു പോരുന്നുണ്ട്.

**(സി)** സംസ്ഥാനത്തിന് അർഹമായ ജി.എസ്.ടി. വിഹിതം നിലവിൽ ലഭിക്കുന്നുണ്ടോ; സംയോജിത ജി.എസ്.ടി. വിഹിതത്തിന്റെ ലഭ്യത കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

**മറുപടി:** കഴിഞ്ഞ കാലങ്ങളിൽ കേരളത്തിന് ലഭിച്ച സംയോജിത ജി.എസ്.ടി. വിഹിതം അനുബന്ധമായി ചേർക്കുന്നു.

സംയോജിത ജി.എസ്.ടി. വിഹിതത്തിന്റെ ലഭ്യത കാര്യക്ഷമമാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുകയും ഇത് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം വകുപ്പിന്റെ ആസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന് പുറത്തേക്ക് പോകുന്ന ഐ.ജി.എസ്.ടി. സംബന്ധിച്ച് ഇന്റലിജന്റ്സ് വിഭാഗം പഠനം നടത്തുകയും വ്യാജ രജിസ്ട്രേഷൻ, ബിൽ ട്രേഡിങ് പോലുള്ള വെട്ടിപ്പുകൾ തടഞ്ഞുകൊണ്ട് ഐ.ജി.എസ്.ടി. വരു

മാനത്തിലെ ചോർച്ച തടയുവാനുള്ള നടപടികൾ സ്വീകരിക്കുന്നു. വ്യാപാരികൾ തെറ്റായി റിട്ടേൺ ഫയൽ ചെയ്യുന്നത് കൊണ്ടുണ്ടാകുന്ന ഐ.ജി.എസ്.ടി. വരുമാന കുറവ് പരിഹരിക്കുന്നതിനായി വ്യാപാര സമൂഹത്തിനാവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| വർഷം | ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് (തുക കോടിയിൽ) | ഐ.ജി.എസ്.ടി. അഡ്ഹോക് * (തുക കോടിയിൽ) |
|---|---|---|
| 2017-18 (ജൂലൈ മുതൽ) | 6064.97 | 736.00 |
| 2018-19 | 10114.93 | 2734.36 |
| 2019-20 | 9926.19 | 693.52 |
| 2020-21 | 9343.07 | 1596.11 |
| 2021-22 | 12440.48 | 1657.79 |
| 2022-23 | 15855.33 | 1028.23 |
| 2023-24 | 16976.64 | 0 |
| 2024-25 | 17887.69 | 0 |
| 2025-26 | 17784.11 | 0 |
| 2026-27 (മെയ് വരെ) | 3386.57 | 0 |

Jasmin

S.O

സെക്ഷൻ ഓഫീസർ